القصيدة اللامية

المنسوبة لشيخ الإسلام ابن تيمية

ലാമിയ:

ശൈഖുൽ ഇസ്ലാം ഇബ്ന തൈമിയയുടെ

പ്രശസ്തമായ കവിത

ഷെയ്ഖുൽ ഇസ്ലാം ഇബ്ന തൈമിയ യിലേക്ക് ചേർക്കപ്പടുന്ന, അഖീദ ഗ്രന്ഥങ്ങളിൽ തുടക്കത്തിൽ പഠിക്കുന്ന "അൽ ലാമിയ്യ" എന്ന ചെറു കവിത.

www.darulikhlaas.com

بسم الله الرحمن الرحيم

[1] يا سَائِلِي عَنْ مَذْهَبِي وعَقيدَتِي * رُزِقَ الهُدى مَنْ لِلْهِدايةِ يَسْأَل**

എന്റെ വിശ്വാസവുമായി ബന്ധപ്പെട്ട മദ്ഹബിനെയും അഖീദയെയും സംബന്ധിച്ച എന്റെ ചോദ്യകർത്താവെ,

നേർമാർഗ്ഗത്തെ ചോദിക്കുന്ന ഒരുവന്, അത് നൽകപ്പെടുമാറാകട്ടെ

---

[٢] اسمَعْ كَلامَ مُحَقِّقٍ في قَولِه * لا يَنْثَني عَنهُ ولا يَتَبَدَّل**

തന്റെ ആവിഷ്കരണത്തിൽ സത്യത്തെ സൂക്ഷ്മമായി പരിശോധിച്ച് ദൃഢപ്പെടുത്തിയ ഒരുവന്റെ വാചകത്തെ നീ കേൾക്കുക,

ആ ഒരുവൻ അതിൽ നിന്നും വ്യതിചലിക്കുകയോ വേറൊന്നിലേക്ക് മാറിപ്പോക്കുകയോ ചെയ്യാതെ സൂക്ഷ്മമായി പരിശോധിച്ച് ദൃഢപ്പെടുത്തിയ ആ വാചകം.

---

[٣] حُبُّ الصَّحابَةِ كُلِّهِمْ لي مَذْهَبٌ * وَمَوَدَّةُ القُرْبى بِها أَتَوَسّل**

എല്ലാ സ്വഹാബിമാരോടുമുള്ള സ്നേഹം എന്നത് എന്റെ മദ്ഹബാകുന്നു,

നബിയോട് ﷺ കുടുംബ ബന്ധം ഉള്ളവരോടുള്ള സ്നേഹം മുഖേന ഞാൻ തവസ്സുൽ ചെയ്യുകയും ചെയ്യുന്നു (അല്ലാഹുവിനോട്).

---

[٤] وَلِكُلِّهِمْ قَدْرٌ علا وفضائل * لكِنَّما الصِّديقُ مِنْهُمْ أَفْضَل**

അവരിൽ (സ്വഹാബിമാരിൽ) എല്ലാ ഓരോരുത്തർക്കും തന്നെ ഉയർന്ന പദവിയും ശ്രേഷതകളും ഉണ്ട്,

അങ്ങനെയാണെങ്കിലും അബൂബക്കർ അസ്സിദ്ദീഖ് **رضى الله عنه** ആകുന്ന അവരിൽ ഏറ്റവും ശ്രേഷ്ഠൻ.

---

[٥] وأقول في القرآن ما جاءت به * آياته فهو الكريم المنزل**

ഖുർആനിന്റെ കാര്യത്തിൽ അതിന്റെ വചനങ്ങൾ എന്തൊക്കെ കൊണ്ടുവന്നോ അതു ഞാൻ പറയുന്നു,

എന്തെന്നാൽ അത് ആദരണീയമായ ഖുർആൻ അല്ലാഹുവിങ്കൽ നിന്നും ഇറക്കപ്പെട്ട ഒന്നാകുന്നു.

---

[٦] وأقول قال الله جل جلاله * المصطفى الهادي ولا اتأول**

ഞാൻ പറയുന്നു അല്ലാഹു അവന്റെ മഹത്വം ഉന്നതിയിൽ ആയിരിക്കുന്നു – പറഞ്ഞിട്ടുണ്ടെന്നും,

അപ്രകാരം തന്നെ ഹിദായത്തിലേക്ക് നയിച്ച (അല്ലാഹുവിങ്കൽ) തിരഞ്ഞെടുക്കപ്പെട്ട ഒരാൾ (നബി **صلى الله عليه وسلم**) പറഞ്ഞതും ഞാനത് ദുർവ്യാഖ്യാനിക്കാതെ.

[V] وجميعُ آياتِ الصِّفاتِ أُمِرُّها * حَقاً كما نَقَلَ الطِّرازُ الأَوَّلُ**

അല്ലാഹുവിന്റെ വിശേഷണങ്ങളടങ്ങിയ എല്ലാ (ഖുർആൻ) വചനങ്ങളും ഞാൻ നടത്തുന്നു (അവയുടെ യഥാർത്ഥ രൂപത്തിൽ)

മുൻകാല മാതൃകാ പുരുഷന്മാർ പകർന്നു തന്ന യഥാർത്ഥ രൂപത്തിൽ (വിശേഷണങ്ങളുടെ വിധത്തെ വ്യാഖ്യാനിക്കാതെ തന്നെ)

---

[٨] وأَرُدُّ عهدتها إلى ثُقَّالِها * وأصونُها عن كُلِّ ما يُتَخَيَّلُ**

അവയുടെ (വിശേഷണങ്ങളുടെ) വിശ്വാസ സംബന്ധമായ ഉത്തരവാദിത്വം ഞാൻ അവ പകർന്ന തന്നവരിലേക്ക് തന്നെ (അവയുടെ വിധം മെനഞ്ഞു അവ വികലമാക്കാതെ) മടക്കുന്നു,

അവയെ തൊട്ടുള്ള എല്ലാ ഭാവനാത്മക ആശയങ്ങളിൽ നിന്നും ഞാനവയെ സംരക്ഷിക്കുകയും ചെയ്യുന്നു.

---

[٩] قُبْحاً لِمَنْ نَبَذَ القرآن وراءَهُ * وإذا اسْتَدَلَّ يقولُ قالَ الأخطَلُ**

ഖുർആനിനെ പുറകിലേക്ക് വലിച്ചെറിഞ്ഞ ഒരുവന് നിന്ദ്യത,

(ഇനി അത്തരത്തിൽ ഒരുവൻ തന്റെ അവകാശവാദങ്ങൾക്ക്) പ്രമാണം കൊണ്ടുവരികയാണെങ്കിലോ, അവൻ പറയും അഖ്തൽ (നസ്രാണിയായ കവി) പറഞ്ഞിട്ടുണ്ടെന്ന്.

---

[١٠] والمؤمنون يَرَوْنَ حقاً رَبَّهُمْ * وإلى السَّماءِ بِغَيْرِ كَيْفٍ يَنْزِلُ**

വിശ്വാസികൾ തീർച്ചയായും അവരുടെ റബ്ബിനെ (പരലോകത്ത് വെച്ച്) യാഥാർത്ഥത്തിൽ തന്നെ കാണുകയുണ്ടാകും,

ദുനിയാവിനോട് അടുത്ത ആകാശത്തിലേക്ക് അവൻ (അല്ലാഹു) നമുക്ക് അറിയുന്നതും നിശ്ചയിക്കാൻ കഴിയുന്നതുമായ ഒരു വിധത്തിലുമല്ലാതെ ഇറങ്ങി വരുന്നു.

---

[١١] وأُقِرُّ بالميزانِ والحَوضِ الذي * أَرجو بأنِّي مِنْهُ رَيّاَ أَنْهَلُ**

അപ്രകാരം തന്നെ മീസാനിലും ഹൗദിലും ഞാൻ വിശ്വസിക്കുന്നു
എപ്രകാരമുള്ളതെന്നു വച്ചാൽ (ഹൗദ്),

അതിൽ നിന്നും കുടിച്ചു എന്റെ ദാഹം ശമിപ്പിക്കും എന്ന് ഞാൻ കാംക്ഷിക്കുന്നു.

---

[١٢] وكذا الصِّراطُ يُمَدُّ فوقَ جَهَنَّمٍ * فمسلم نَاجٍ وآخَرَ مُهْمِلُ**

അപ്രകാരം തന്നെ സ്വിറാത്ത് (പാലം) നരകത്തിന് മുകളിൽ നീട്ടപ്പെടുന്നതിലും (ഞാൻ വിശ്വസിക്കുന്നു),

അപ്പോൾ (ആ പരീക്ഷണത്തിൽ നിന്നും) രക്ഷിക്കപ്പെട്ട് വിജയിക്കുന്ന ഒരുവനുമുണ്ട്, (അങ്ങനെ) അല്ലാത്ത കൈവെടിയപ്പെടുന്ന ഒരുവനുമുണ്ട്.

---

[١٣] والنَّارُ يَصْلاها الشَّقيُّ بِحِكْمَةٍ * وكذا التَّقِيُّ إلى الجِنَانِ سَيَدْخُلُ**

(അല്ലാഹുവിന്റെ മഹത്തായ) ജ്ഞാനം മുഖേന നിർഭാഗ്യവാനായ ഒരുവൻ നരക തീയ്യിൽ കടന്നെരിയുകയും,

അപ്രകാരം തന്നെ സൂക്ഷമത പാലിച്ച ഒരുവൻ സ്വർഗത്തിലേക്ക് പ്രവേശിക്കുകയും ചെയ്യും.

---

[١٤] ولِكُلِّ حَيٍّ عاقلٍ في قَبرِهِ * عَمَلٌ يُقارِنُهُ هناك وَيُسْأَلُ**

എല്ലാ ബുദ്ധിസ്ഥിരതയുള്ള ജീവിച്ചിരിക്കുന്നവനും അവന്റെ ഖബ്റിൽ ഉണ്ടാകും,

അവനെ അനുഗമിക്കുന്ന കർമ്മങ്ങൾ അവിടെ അവൻ ചോദിക്കപ്പെടുകയും ചെയ്യും.

---

[١٥] هذا اعتقادُ الشافِعيِّ ومالكٍ * وأبي حنيفةَ ثم أحمدَ يُنْقَلُ**

ഇതാകുന്നു ഇമാമീങ്ങളായ ഷാഫിയുടെയും മാലികിന്റെയും,

അബൂ ഹനീഫയുടെയും പിന്നീട് അഹ്മദിൽ നിന്നുമെല്ലാം പകർന്നു നൽകപ്പെട്ട വിശ്വാസം.

---

[١٦] فإنِ اتَّبَعْتَ سبيلَهُمْ فَمُوفق * وإنِ ابْتَدَعْتَ فَما عَلَيْكَ مُعَوَّلُ**

അതുകൊണ്ട് നീ അവരുടെ പാത പിന്തുടരുകയാണെങ്കിൽ (ഹഖിലേക്ക്) തൗഫീഖ് ചെയ്യപ്പെട്ടവനാകും,

ഇനി നീ (ദീനിൽ) പുതുതായ ഒന്ന് കൊണ്ടുവരികയാണെങ്കിലോ നിനക്ക് ഒരു അവലംബവും ഉണ്ടാവുകയുമില്ല.

പരിഭാഷ: ദുറർ സലഫിയ്യ (https://t.me/durarsalafiyya/1640)

അഖൂനാ അബൂ സലമാ ജാസിമിന്റെ നിർദ്ദേശ പ്രകാരം 5-ാം വരിയുടെ പരിഭാഷയിൽ തിരുത്തൽ വരുത്തി.